"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ, വികാസ്ഭവൻ പി.ഒ
തിരുവനന്തപുരം-695033, ഇ മെയിൽ: cru.dttvpm@kerala.gov.in
ഫോൺ നമ്പർ : 0471-2303856

**<u>വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
(നിലവിൽ: സുഫിയാൻ അഹമദ് ഐ.എ.എസ്)

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. സ.ഉ (സാധാ) നം. 713/2026/LBR തീയതി 20/06/2026
2. 28/04/2026 തീയതിയിലെ 1488 നം . അസാധാരണ ഗസറ്റ്

**<u>ഉത്തരവ് നമ്പർ: DT/187/2026 - A3 തീയതി: 21-08-2026</u>**

ആസ്ഥാന കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് (HG) ആയ ശ്രീ ആർ. രാജേഷിന്, അക്കൗണ്ട്സ് ഓഫീസർ ഗ്രേഡ് II തസ്തികയിൽ പരാമർശം (1) പ്രകാരം സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ആസ്ഥാന കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ജി.ഓ(പി)നം.3/2017/ഉഭപവ തീയതി, 25/2/2017 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആസ്ഥാന കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഭരണസൗകര്യാർത്ഥം ചുവടെ പറയും പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക | നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനം | സ്ഥലംമാറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ.എ.ആർ നൗഷാദ്<br>സീനിയർ സൂപ്രണ്ട്<br>PEN : 369634 | ഗവ.ഐടിഐ ചാക്ക | ട്രെയിനിംഗ് ഡയറക്ടറേറ്റ് |

2026 വർഷം സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് 27.03.2026-ൽ നടന്ന ഡി.പി.സി (ലോവർ) യോഗം തയ്യാറാക്കുകയും, ആയതു സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ ക്രമ നം. 10 വരെയുള്ള ജീവനക്കാർക്ക് (സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 157 വരെ) സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.മേൽ സാഹചര്യത്തിൽ പ്രസ്തുത സെലക്ട് ലിസ്റ്റിൽ ക്രമ നം.11, (സീനിയോരിറ്റി ലിസ്റ്റിലെ

ക്രമ നമ്പർ 160) ആയി ഉൾപ്പെട്ട ചുവടെ പറയുന്ന ജീവനക്കാരിയെ **KS&SSR** ലെ പൊതു ചട്ടം **28 (b) (ii)** പ്രകാരം **51400 - 110300** രൂപ നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെ പറയും പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക /സ്ഥാപനം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| **1** | ശ്രീമതി ജയന്തി എം.വി<br>ജൂനിയർ സൂപ്രണ്ട്,<br>ഐടിഐ ചാലക്കുടി<br>**PEN : 367650** | **160** | ഗവ.ഐടിഐ ചാക്ക |

പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ സെൻസസ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളവർ ഉണ്ടെങ്കിൽ ടി ജീവനക്കാർ **G.O (Ms) No.69/2026/GAD,** തീയതി **01/07/2026** ഉത്തരവിന് വിധേയമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ബാധിക്കാത്ത വിധം സെൻസസ് ഡ്യൂട്ടി കൂടി നിർവ്വഹിക്കേണ്ടതാണ്.

**2026** വർഷത്തിലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം അനുവദിച്ചിരിക്കുന്ന സ്ഥാപനം പുനഃപരിശോധിക്കുന്നതാണ്.

Digitally signed by
Sufiyan Ahmed
Date: 21-08-2026
14:40:59

ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (കേരള), തിരുവനന്തപുരം
2. അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, (സി.എ മുഖേനെ)
3. ഡെപ്യൂട്ടി ഡയറക്ടർ(പ്ലാനിംഗ്), ഡെപ്യൂട്ടി ഡയറക്ടർ(ട്രെയിനിംഗ്), **DySAA,** സീനിയർ ഫിനാൻസ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. പ്രിൻസിപ്പാൾ ഐടിഐ ചാലക്കുടി, ചാക്ക
5. ഇ ഗവേർണൻസ് മാനേജർ, ഐ.ടി സെൽ (ഇ - ഓഫീസ് മാറ്റുന്നതിനും വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
6. കരുതൽ ഫയൽ (എ3)